## അവലോകനം

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ജനുവരി മാസം 25-ാം തീയതി ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ഈ സമ്മേളനം ആരംഭിച്ചത്. 2019 - 2020 വർഷത്തെ ബഡ്ജറ്റ് ജനുവരി 31-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ടു.

പതിനാലാം സമ്മേളനം ആകെ പത്ത് ദിവസമാണ് സമ്മേളിച്ചത്. അതിൽ ബഹുമാനപ്പെട്ട ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ചർച്ചചെയ്യുന്നതിനായി രണ്ട് ദിവസവും ബഡ്ജറ്റിന്റെ പൊതു ചർച്ചയ്ക്കായി മൂന്ന് ദിവസവും വിനിയോഗിച്ചു. കഴിഞ്ഞ വർഷത്തെപ്പോലെ സമ്പൂർണ്ണ ബഡ്ജറ്റ് മാർച്ച് 31-ന് മുമ്പ് പാസ്സാക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ ഈ സാമ്പത്തിക വർഷത്തെ ആദ്യ നാല് മാസത്തേയ്ക്കായി വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുകയുണ്ടായി. 2018-2019 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനകളും സഭ ചർച്ചചെയ്ത് പാസ്സാക്കി. അതോടൊപ്പം അതുമായി ബന്ധപ്പെട്ട ധനവിനിയോഗ ബില്ലുകളും സഭ പാസ്സാക്കുകയുണ്ടായി. നിയമ നിർമ്മാണ കാര്യത്തിൽ 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയക്കുകയും ഈ സമ്മേളനത്തിൽത്തന്നെ പാസ്സാക്കുകയും ചെയ്തു.

ഈ സമ്മേളനത്തിൽ എട്ട് അടിയന്തരപ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. 240 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും, 2768 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 24 ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. വാക്കാൽ മറുപടി നൽകിയ പ്രസ്തുത ചോദ്യങ്ങളിന്മേൽ സഭാതലത്തിൽ 184 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും മറുപടി പറയുകയും ചെയ്തു.

16 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടെയും 99 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ ജനകീയ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു.

സംസ്ഥാനത്ത് മാരകമായ കീടനാശിനികൾ നിരോധിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി. 2018-ലെ സാമ്പത്തികാവലോകനം, കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ്, അപ്രോപ്രിയേഷൻ അക്കൗണ്ട്, സംസ്ഥാന എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് എന്നിവ നടപ്പു

സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തു വയ്ക്കുകയുണ്ടായി.

നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള "ഫെസ്റ്റിവൽ ഓൺ ഡെമോക്രസി" ലോകത്തു തന്നെ ശ്രദ്ധേയമായ ഒരു ജനാധിപത്യ ഇടപെടലാണ്. അതുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര തലത്തിൽ ഒരു സ്റ്റുഡൻസ് പാർലമെന്റ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ഈ മാസം 23, 24, 25 തീയതികളിലായി നടക്കുകയാണ്. പ്രസ്തുത പരിപാടിയുടെ വിശദാംശങ്ങൾ കൂടി അടങ്ങുന്ന ക്ഷണക്കത്ത് പ്രത്യേകമായി എത്തിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ വിജയിപ്പിക്കുന്നതിനാവശ്യമായ സഹകരണം ബന്ധപ്പെട്ട എല്ലാവരുടേയും ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഇത്തരുണത്തിൽ ചെയർ അഭ്യർത്ഥിക്കുന്നു.

പത്ത് ദിവസം നീണ്ടുനിന്ന ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച സഭാനേതാവിനോടും മറ്റു മന്ത്രിമാരോടും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും മറ്റെല്ലാ അംഗങ്ങളോടും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടത്തിപ്പിനായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേതടക്കമുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ

പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.... ഓർഡർ....സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ രാവിലെ 10.39-ന് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

******